LIBRARY ARCHIVES Kerala Legislative Assembly

പാലരുവി വെള്ളച്ചാട്ടം വിനോദസഞ്ചാര കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ

123 (1879) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലരുവി വെള്ളച്ചാട്ടം ഉൾപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആരിൽ നിന്നെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരിൽ നിന്നൊക്കെയാണെന്നും ഇതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ :

(സി) നടപ്പു സാമ്പത്തിക വർഷം ഇതിനായി എത്ര തുക വകയിരുത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ പാലരുവിയിലെ അസൗകര്യങ്ങളെപ്പറ്റി വന്നിട്ടുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 19.88 ലക്ഷം രൂപ (പത്തൊൻപത് ലക്ഷത്തി എൺപത്തി എട്ടായിരം രൂപ മാത്രം) പാലരുവിയുടെ പരിപാലനത്തിനായുള്ള ആക്ഷൻ പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പാലരുവിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 40 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് അംഗീകരിച്ചിട്ടുമുണ്ട്.

കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം

124 (1880) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽ കനാൽ സംരക്ഷണത്തിനായി രൂപീകരിച്ച കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം കഴിഞ്ഞ നാലര വർഷക്കാലമായി സാമ്പത്തിക ബുദ്ധിമുട്ട് കാരണം മന്ദീഭവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനംമൂലം ഗുണകരമായ എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദീകരിക്കാമോ :

(സി) ഈ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ടൂറിസം വകുപ്പിൽ നിന്നും 9 ലക്ഷം രൂപ അനുവദിച്ചിരുന്നു.